ഉത്തരം

(എ) 18 പേർ വിദേശ രാഷ്ട്രങ്ങൾ സന്ദർശിച്ചിട്ടുണ്ട്. (സ്വകാര്യ സന്ദർശനം ഒഴികെ) അവരുടെ പേര് വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) മേൽപ്പറഞ്ഞ 18 പേരും ഔദ്യോഗിക ആവശ്യങ്ങൾക്കായിട്ടാണ് വിദേശ രാജ്യങ്ങൾ സന്ദർശിച്ചിട്ടുള്ളത്.

(സി) 2,36,229/- രൂപ ചെലവായിട്ടുണ്ട്.

52 (70) കൊയിലാണ്ടി പോലീസ് സ്റ്റേഷൻ

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി താലൂക്ക് കേന്ദ്രമായ കൊയിലാണ്ടി പോലീസ് സ്റ്റേഷനിൽ ആവശ്യമായ സ്റ്റാഫില്ലാത്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കിൾ ഇൻസ്പെക്ടർ, സബ് ഇൻസ്പെക്ടർ എന്നിവരെയും ആവശ്യത്തിന് പോലീസ് കോൺസ്റ്റബിൾമാരെയും നിയമിക്കാൻ നടപടിയെടുക്കുമോ;

(സി) കൊയിലാണ്ടിയിൽ ട്രാഫിക് പോലീസ് സംവിധാനം നിലനിർത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി,സി) നടപടി സ്വീകരിച്ചുവരുന്നു.

53 (71) സർവ്വീസിൽ നിന്നും നീക്കം ചെയ്ത നടപടി

ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിൽ തിരുവല്ല താലൂക്കിൽ കുളക്കാട് മുപ്പിരിയിൽ വീട്ടിൽ എം.കെ. ദിവാകരൻ എറണാകുളം ടൗൺ നോർത്ത് പോലീസ് സ്റ്റേഷനിൽ പോലീസ് കോൺസ്റ്റബിളായി (നം. ഇ. 957) ജോലിനോക്കി വരവെ 22-11-1966-ൽ സർവ്വീസിൽ നിന്നും നീക്കം ചെയ്യുവാനുണ്ടായ സാഹചര്യവും കാരണങ്ങളും വിശദമാക്കാമോ;

(ബി) അദ്ദേഹത്തിന് പരമാവധി ശിക്ഷയായ സർവ്വീസിൽ നിന്നും പിരിച്ചുവിടൽ നൽകിയത് ഉചിതമായിരുന്നോ എന്ന് വെളിപ്പെടുത്താമോ;

(സി) സർവ്വീസിൽ നിന്നും പിരിച്ചുവിട്ട അദ്ദേഹത്തിന് സർക്കാരിൽ നിന്നും എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകിയിരുന്നോ; എങ്കിൽ എന്തെല്ലാം എന്ന് വിശദീകരിക്കാമോ;

---

* അനുബന്ധം XIX

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 15 വർഷം സർവ്വീസ് പൂർത്തിയാക്കിയിട്ടുള്ള അദ്ദേഹത്തിന് കെ.എസ്.ആർ പാർട്ട് 111 വാള്യം 11. റൂൾ 5-ൽ നിഷ്കർഷിച്ചിട്ടുള്ള അലവൻസ് നൽകാതിരുന്നതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) ശ്രീ. ദിവാകരൻ 19 വർഷത്തിനിടയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയ്ക്ക് അയച്ചിട്ടുള്ള അപേക്ഷകളിന്മേൽ നാളിതുവരെ എന്തെങ്കിലും തീരുമാനമുണ്ടാകുകയോ അപേക്ഷാ കക്ഷിക്ക് എന്തെങ്കിലും മറുപടി നൽകുകയോ ചെയ്തിട്ടുണ്ടോ; 19 വർഷക്കാലമായി ഒരു അപേക്ഷയിൻമേൽ തീരുമാനമാകാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കാമോ;

(എഫ്) ശ്രീ. എം.കെ. ദിവാകരൻ സമർപ്പിച്ചിട്ടുള്ള അപേക്ഷയിൻമേൽ ഒരു മാസത്തിനകം അനുകൂല തീരുമാനമെടുക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രീ. എം. കെ. ദിവാകരൻ തൊടുപുഴ പോലീസ് സ്റ്റേഷനിൽ പോലീസ് കോൺസ്റ്റബിളായി ജോലിചെയ്തു വരവെ 11.1.97-ൽ തൊടുപുഴ സബ് ട്രഷറിയിൽ പാറാവ് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുകയുണ്ടായി. പ്രസ്തുത ഡ്യൂട്ടിയിലിരിക്കേ, ടിയാൻ മദ്യപിച്ച് മദോൻമത്തനായി കാണപ്പെടുകയും അതു വഴി ഗുരുതരമായ കൃത്യവിലോപം കാണിച്ചുവെന്ന ആരോപണത്തിൻമേൽ വിശദമായ അന്വേഷണം നടത്തുകയും അന്വേഷണത്തിൽ ആരോപണം തെളിഞ്ഞതിനാൽ 17.11.67-ലെ ജി4/37761/67-ാം നമ്പർ ഉത്തരവുപ്രകാരം പോലീസ് ഇൻസ്പെക്ടർ ജനറൽ 'ടി'യാനെ പിരിച്ചുവിട്ടു.

(ബി) ഉചിതമായിരുന്നു.

(സി) സർവ്വീസിൽ നിന്നും പിരിച്ചുവിടപ്പെട്ടവർക്ക് റിട്ടയർമെന്റ് ആനുകൂല്യങ്ങൾക്ക് അർഹത ഇല്ലാത്തതിനാൽ ആനുകൂല്യങ്ങളൊന്നും നൽകിയിട്ടില്ല.

(ഡി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ആവശ്യമായ നടപടികൾ പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ സ്വീകരിച്ചുവരുന്നു.

(ഇ, എഫ്) അപേക്ഷകളിന്മേൽ തീരുമാനമെടുക്കുകയും സർവ്വീസിൽ നിന്നും നീക്കം ചെയ്ത വ്യക്തിയായതിനാൽ പെൻഷൻ ആനുകൂല്യങ്ങൾക്ക് അർഹതയില്ലെന്ന വിവരം 17.4.96-ൽ പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ നിന്നും ജി3/49923/95 നമ്പർ കത്തുമുഖേന രജിസ്റ്റേർഡ് തപാൽ വഴി അപേക്ഷകനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

54 (72) എ.എസ്.ഐ.യെ സസ്പെന്റ് ചെയ്ത നടപടി

ശ്രീ. എം.മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം പോലീസ് സ്റ്റേഷനിലെ എ.എസ്.ഐ. ആയിരുന്ന ബേബിജോണിനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുവാനുള്ള കാരണം എന്താണ്;

(ബി) അദ്ദേഹത്തിന്റെ പേരിലുള്ള ആരോപണങ്ങളെക്കുറിച്ചുള്ള അന്വേഷണം പൂർത്തിയായോ;

LIBRARY ARCHIVES Kerala Legislative Assembly